ഉത്തരം

(എ)

എച്ച്. എസ്. എ. (മലയാളം)	..	4
എച്ച്. എസ്. എ. (ഹിന്ദി)	..	7
എച്ച്. എസ്. എ. (കണക്ക്)	..	8
എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്)	..	28
എച്ച്. എസ്. എ. (സോഷ്യൽ സയൻസ്)	..	16
എച്ച്. എസ്. എ. (നാചറൽ സയൻസ്)	..	14
പി. ഡി. ടീച്ചർ	..	25
ഹയർ സെക്കണ്ടറി	..	29

(ബി)

		നികത്തിയ ഒഴിവുകൾ	നികത്താത്ത ഒഴിവുകൾ
എച്ച്. എസ്. എ. (മലയാളം)	..	3	1
എച്ച്. എസ്. എ. (ഹിന്ദി)	..	4	3
എച്ച്. എസ്. എ. (കണക്ക്)	..	5	3
എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്)	..	17	11
എച്ച്. എസ്. എ. (സോഷ്യൽ സയൻസ്)	..	10	6
എച്ച്. എസ്. എ. (നാചറൽ സയൻസ്)	..	8	6
പി. ഡി. ടീച്ചർ	..	25	..
ഹയർ സെക്കണ്ടറി	..	6	23

(സി) ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി നൽകേണ്ടിയിരുന്നു. അതിനാൽ കാലതാമസം ഉണ്ടായി.

(ഡി) ഒഴിവുകൾ നികത്തപ്പെടാത്ത സ്കൂളുകളിൽ ദിവസക്കൂലിക്ക് അദ്ധ്യാപകരെ നിയമിക്കുന്നതിന് ഹെഡ്മാസ്റ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹയർസെക്കണ്ടറി അദ്ധ്യാപകരുടെ ഒഴിവുകളിൽ ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ. ഇ. ആർ വ്യവസ്ഥ പ്രകാരം പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം

95 [647] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലുള്ള സർക്കാർ ഹൈസ്ക്കൂളുകൾ എത്ര;

(ബി) കെ. ഇ. ആർ. വ്യവസ്ഥ പ്രകാരം നിലവിലുള്ള എല്ലാ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളിലും കൂടി എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്) തസ്തിക എത്രയെണ്ണം ആവശ്യമുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) വ്യവസ്ഥ പ്രകാരമുള്ള തസ്തികകൾ ഇപ്പോൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇപ്രകാരമുള്ള എല്ലാ ഒഴിവുകളിലേക്കും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 120.

(ബി) 334.

(സി) അനുവദിച്ചിട്ടുണ്ട്. 334.

(ഡി) നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്) തസ്തികയിലെ ഒഴിവുകൾ

96 [648] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98 അദ്ധ്യയന വർഷം മുതൽ നാളിതുവരെ തിരുവനന്തപുരം ജില്ലയിൽ ഓരോ വർഷവും എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്) തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്;

(ബി) ഈ ഒഴിവുകൾ പി. എസ്. സി.-ക്ക് കാലാകാലം റിപ്പോർട്ടു ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) 1997-98 അദ്ധ്യയന വർഷം മുതൽ നാളിതുവരെ ഓരോ വർഷവും എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്) തസ്തികയിൽ എത്രപേർക്ക് ജില്ലാന്തര സ്ഥലം മാറ്റം നൽകിയിട്ടുണ്ട്;

(ഡി) 2001 സെപ്തംബറിൽ എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്) റാങ്ക് ലിസ്റ്റ് നിലവിൽ വരുമ്പോൾ എത്ര ഒഴിവുകൾ റിപ്പോർട്ടു ചെയ്തിരുന്നു;

(ഇ) ഇതിൽ എത്ര പേരെ നാളിതുവരെ നിയമിച്ചു;

(എഫ്) ഇപ്പോൾ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly